2. ശ്രീ. കെ. സി. രവീന്ദ്ര നാഥൻ, പ്രൊഫസർ, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ്, ഗവ. എഞ്ചിനീയറിംഗ് കോളേജ്, വയനാട്.

3. ശ്രീ. ബേബി കെ. പോൾ, പ്രൊഫസർ, ആർക്കിടെക്ച്ചർ, എഞ്ചിനീയറിംഗ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.

4. ശ്രീ. ഇ. അബ്ദുൾ റഷീദ്, അസിസ്റ്റന്റ് പ്രൊഫസർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.

5. ശ്രീ. റ്റി. സി. പീറ്റർ, അസിസ്റ്റന്റ് പ്രൊഫസർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഗവ. എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ.

6. ശ്രീ. എ. സലീം, അസിസ്റ്റന്റ് പ്രൊഫസർ, ആർക്കിടെക്ച്ചർ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.

7. ഡോ. എസ്. ഷാജി, അസിസ്റ്റന്റ് പ്രൊഫസർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഗവ. എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺ ഹിൽ, തിരുവനന്തപുരം.

8. ശ്രീ. ആർ. ഹരികുമാർ, അസിസ്റ്റന്റ് പ്രൊഫസർ, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, ഗവ. എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം.

(സി) ലഭിച്ചു.

(ഡി) നിയമനകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) പത്ത് പ്രസ്തുത ഒഴിവുകളിലേക്ക് സ്ഥാപനം പരസ്യമായി അപേക്ഷ ക്ഷണിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(എഫ്) ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല.

(ജി) ഡെപ്യൂട്ടി ഡയറക്ടർ, പ്ലാനറ്റേറിയം ഓപ്പറേറ്റർ, എ. സി. പ്ലാന്റ് അസിസ്റ്റന്റ്, സബ്സ്റ്റേഷൻ അസിസ്റ്റന്റ്, എൽ. ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, റിസപ്ഷനിസ്റ്റ്, വർക്ക്ഷോപ്പ് അറ്റന്റർ, ഡ്രൈവർ, ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ഓരോ ഒഴിവുകൾ വീതമാണുള്ളത്.

തിരുവനന്തപുരം പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷണങ്ങൾ

81 [5816] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ ഏതൊക്കെ ഗവേഷണങ്ങളാണ് നടന്നുവരുന്നത്; വിശദവിവരം വ്യക്തമാക്കാമോ;

(ബി) ആരോഗ്യപ്പച്ചയിൽ നിന്നും വേർതിരിച്ച ജീവനി എന്ന ഔഷധത്തിനു ശേഷം മറ്റേതെങ്കിലും എത്നിക് മെഡിസിൻസ് കണ്ടെത്താനും വിപണനസാധ്യമാകും വിധം വികസിപ്പിക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഡി.എൻ.എ., ഫിംഗർ പ്രിന്റിംഗ്, ബയോപ്രോസ്പെക്ടിംഗ് രംഗങ്ങളിൽ എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) 2002-2003, 2003-2004 കാലഘട്ടത്തിൽ ഏതൊക്കെ വിഷയങ്ങളെ ആസ്പദമാക്കിയുള്ള സെമിനാറുകൾ, ഗവേഷണ പ്രബന്ധങ്ങളുടെ അവതരണം എന്നിവയ്ക്കാണ് ടി. ബി. ജി. ആർ. ഐ. നേതൃത്വം നൽകിയിട്ടുള്ളത്; വിശദവിവരം നൽകാമോ?

ഉത്തരം

(എ) ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷണ പ്രവർത്തനങ്ങൾ പ്രധാനമായും ഉദ്യാനം, ഗവേഷണ വികസനം എന്നീ രണ്ടു വിഭാഗങ്ങളിലാണ് നടന്നുവരുന്നത്. ഇവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. †

(ബി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഔഷധങ്ങളുടെ വികസനവും വിപണന പ്രവർത്തികളും പെടുന്നില്ല. ഇത്തരം കാര്യങ്ങൾ സി.എസ്.ഐ.ആർ. (C.S.I.R.) തുടങ്ങിയ സ്ഥാപനങ്ങളുമായി സംയോജിച്ചു ചെയ്യുന്നതാണ്. പക്ഷേ ആദിവാസികളുടെ നാട്ടറിവുകളെ ആധാരമാക്കിക്കൊണ്ടുള്ള വിശദമായ പഠനങ്ങൾ നടന്നുവരുന്നുണ്ട്.

(സി) ഉണ്ട്. ഇന്ത്യയുടെ ദക്ഷിണ പശ്ചിമ പ്രാന്തപ്രദേശങ്ങളിലും ഉത്തര കിഴക്കൻ പ്രാന്തപ്രദേശങ്ങളിലും കാണപ്പെടുന്ന ഔഷധ സുഗന്ധ സസ്യങ്ങളുടെ ഡി.എൻ.എ. ഫിംഗർ പ്രിന്റിംഗും, ബയോ പ്രോസ്പെക്ടിംഗും നടത്താനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുമായി ചേർന്നുകൊണ്ട് ഒരു പുതിയ പദ്ധതിക്കു രൂപം നൽകുകയും അതിനെ അധികരിച്ചുകൊണ്ടുള്ള പഠനങ്ങൾ തുടങ്ങുകയും ചെയ്തിട്ടുമുണ്ട്.

(ഡി) 2002-2003, 2003-2004 കാലഘട്ടത്തിൽ ടി.ബി.ജി.ആർ.ഐ.-യുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള സെമിനാറുകൾ, ഗവേഷണ പ്രവർത്തനങ്ങൾ, പ്രബന്ധങ്ങളുടെ അവതരണം എന്നിവയെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. ††

† , †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly